# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2422** **05.02.2018-ൽ മറുപടിക്ക്**

## ഉദയ് പദ്ധതി

| | ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി. യിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉദയ് നടപ്പിലാക്കുന്നത് ഏത് ഘട്ടത്തിലാണ്; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉദയ് പദ്ധതിയ്ക്ക് വേണ്ടിയുള്ള ത്രികക്ഷി ധാരണാ പത്രത്തിൽ കേന്ദ്ര-കേരള സർക്കാരും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും 15.03.2017-ൽ ഒപ്പ് വച്ചു. ഉദയ് കരാർ പ്രകാരമുള്ള കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഊർജ്ജ ആഡിറ്റിംഗിനായി ഉദയ് MoU പ്രകാരം എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ അതിർത്തികളിലും മീറ്ററുകൾ വയ്ക്കാനും എല്ലാ ട്രാൻസ്ഫോമറുകളിലും ഡി. റ്റി. ആർ. മീറ്റർ വയ്ക്കാനും തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | ഉദയ് നടപ്പിലാക്കുമ്പോൾ മീറ്റർ റീഡർമാരുടെ ആവശ്യം ഉണ്ടാകില്ല എന്നത് വസ്തുതയാണോ; എങ്കിൽ എത്ര മീറ്റർ റീഡർമാരുടെ തസ്തിക അധികമാകുമെന്ന് വെളിപ്പെടുത്താമോ? | (ബി) | ഉദയ് പദ്ധതിയുടെ ധാരണാപത്രം പ്രകാരം ഘട്ടംഘട്ടമായി സ്മാർട്ട് മീറ്റർ നടപ്പാക്കേണ്ടത് നിർബന്ധമാണ്. ഇതു പ്രകാരമാണ് സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ നടപ്പിലാക്കാൻ ആരംഭിച്ചിട്ടുള്ളത്. സ്മാർട്ട് മീറ്റർ നടപ്പിലാക്കിയിട്ടുള്ള ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് എടുക്കാൻ മീറ്റർ റീഡർമാരുടെ സേവനം ആവശ്യമായി വരുന്നില്ല. എന്നാൽ ഇതുമൂലം എത്ര മീറ്റർ റീഡർമാർ അധികമാകും എന്നത് ഈ പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിന് ശേഷമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. |

Hemalatha

**സെക്ഷൻ ഓഫീസർ**